# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5414** **05-07-2024 - ൽ മറുപടിയ്ക്ക്**

## റോഡപകടങ്ങൾ കുറയ്ക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡുകളിൽ സ്ഥിരമായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) | നാറ്റ്പാക് മുഖാന്തരം പഠനം നടത്തിയിട്ടുണ്ട്. 2022 -ൽ 4592 ബ്ലാക്സ്പോ ട്ടുകളുടെ പട്ടികയിൽ നിന്ന് കേരളത്തി ലുടനീളമുള്ള 374 മുൻഗണനാ ബ്ലാക്ക് സ്പോട്ടുകളുടെ പട്ടിക നാറ്റ്പാക് അന്തിമമാക്കുകയും 2018-2020 ലെ ക്രാഷ് ഡാറ്റയെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട് റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് അയച്ച കൊടുത്തിട്ടുണ്ട് മോട്ടോർ വാഹന വകുപ്പ്, അപകടങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് സംസ്ഥാനത്തെ റോഡുകളിൽ അപകടങ്ങൾ ആവർത്തിക്കുന്ന റോഡുകളെ 3117 ക്ലസ്റ്ററുകളായി (ഹൈറിസ്ക്--872 Nos, മോഡറേറ്റ് റിസ്ക്--821 Nos ലോറിസ്ക്--1424 Nos) തരം തിരിച്ചിട്ടുണ്ട്. |
| (ബി) | പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ സുരക്ഷാ മുന്നറിയിപ്പുകൾ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ പട്രോളിംഗ് ശക്തമാക്കുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബോർഡിന്റെ അപര്യാപ്തതയു ള്ള സ്ഥലങ്ങളിൽ അവ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.മോട്ടോർ വാഹന വകുപ്പ്, അപകടങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് സംസ്ഥാനത്തെ റോഡുകളിൽ അപകടങ്ങൾ ആവർത്തിക്കുന്ന റോഡുകളെ 3117 ക്ലസ്റ്ററുകളായി(ഹൈ റിസ്ക്--872 Nos, മോഡറേറ്റ് റിസ്ക് 821 Nos ലോ റിസ്ക്--1424 Nos) ഗൂഗിൾ മാപ്പിൽ രേഖപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന ക്ലസ്റ്ററുകൾ ഗൂഗിൾ മാപ്പിൽ തത്സമയം ലഭിക്കുന്നതാണ്).<br><br>റോഡിന്റെ ചുമതലയുള്ള വകുപ്പ് / ഏജൻസി എന്നിവയ്ക്ക് ഇത്തരം അപകടങ്ങൾ കൂടുതലായി |

| | | | |
|---|---|---|---|
| | | | ആവർത്തിക്കുന്ന ക്ലസ്റ്ററുകളിൽ സുരക്ഷാമുന്നറിയിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശ മോട്ട മോർ വാഹന വകുപ്പ് നൽകിയിട്ടുണ്ട്.ചേർത്തല - വാളയാർ ദേശീയ പാതയിൽ ലെയിൻ ട്രാഫിക് ബോർഡുകൾ വിവിധ സ്ഥാപനങ്ങളുടെ CSR ഫണ്ട് ഉപയോഗിപ്പെട്ടത്തി സ്ഥാപിക്കുന്നതിന് കേരള ഗ്രാമ വികസന സാനിറ്റേഷൻ സൊസൈറ്റിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ പ്രകാരം വാളയാർ മുതൽ ചേർത്തല വരെയുള്ള ദേശീയ പാതയിൽ 2 ലെയിന് ട്രാഫിക് ബോർഡുകൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. ഈ പാതയിൽ കൂടുതൽ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സികരിച്ച് വരുന്നു. പതിവായി റോഡപകടങ്ങൾ സംഭവിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ സുരക്ഷാ മുന്നറിയിപ്പുകൾ സ്ഥാപിക്കുന്നതിന്റെ ചുമതല പൊതുമരാമത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ, തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങൾ എന്നിവയിൽ നിക്ഷിപ്തമാണ്. |
| (സി) | പ്രസ്തുത ഇടങ്ങളിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 2021-ൽ കേരളത്തിലെ തിരഞ്ഞെടുത്ത 5 ക്രാഷ് ബ്ലാക്സ്പോട്ടുകൾക്കായി ഹ്രസ്വകാല മെച്ചപ്പെടുത്തൽ നടപടികൾ തയ്യാറാക്കി നാറ്റ് പാക്ക് റോഡ് സുരക്ഷാ അതോററിറ്റിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ പട്രോളിംഗ് ശക്തമാക്കുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ല റോഡ് സുര ക്ഷ കൺസിൽ യോഗങ്ങൾ ചേരുന്ന അവസരങ്ങളിൽ ഇത്തരം ഭാഗങ്ങളിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് സീകരിക്കേണ്ട നടപടികളെ സംബന്ധിച്ചുള്ള മോട്ടോർ വാഹന വകുപ്പിന്റെ ശിപാർശ നൽകിവരുന്നു.<br><br>പതിവായി റോഡപകടങ്ങൾ സംഭ വിക്കുന്ന പ്രദേശങ്ങളിൽ പ്രാഥമികമായ റോഡ് സേഫ്റ്റി ആഡിറ്റ് നടത്തി കറവുകൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട ഏജൻസികളെ അറിയിക്കാൻ എൻഫോഴ്സ്മെന്റ് സ്യാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ